## ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

140 (829) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര വീതം ആയുർവേദ മരുന്ന് നിർമ്മാണ ശാലകൾ പ്രവർത്തിക്കുന്നുണ്ട് ; എത്രയിനം ആയുർവ്വേദ മരുന്നുകളുടെ ഉൽപ്പാദനമാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മരുന്നുകളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഏതെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ആയുർവേദത്തിന് ഡ്രഗ്സ് കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ; പ്രസ്തുത വിഭാഗം രൂപീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ആകെ 850 ആയുർവേദ ലൈസൻസുള്ള സ്ഥാപനങ്ങളുണ്ട്. പൊതുമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ 848-ഉം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കഷായം, ചൂർണ്ണം, ലേഹ്യം/രസായനങ്ങൾ, തൈലം/ഘൃതം, അരിഷ്ടാസവങ്ങൾ, ഗുളികകൾ, ലേപം/ക്രീം/ഓയിന്റ്മെന്റ്/ബാം, അഞ്ജനം, അർക്കം, ക്യാപ്സ്യൂൾ, സിറപ്പ്, സോപ്പ്, ഷാംപൂ എന്നീ ഇനം ആയുർവേദ മരുന്നുകളുടെ ഉൽപ്പാദനമാണ് നടക്കുന്നത്.

(ബി) ഉണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സർക്കാർ സംവിധാനത്തിലും സ്വകാര്യ മാനുഫാക്ചറിംഗ് യൂണിറ്റുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ലൈസൻസോടെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനത്തിലും സ്വന്തമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ഏർപ്പെടുത്തി ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ആയുഷിന്റെ അംഗീകാരത്തോടുകൂടിയ 7 അപ്രൂവ്ഡ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. പ്രത്യേക വകുപ്പാക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി 44.296 ലക്ഷം രൂപ സംസ്ഥാന ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൽ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. 2015-16 വർഷത്തേക്ക് 43 ലക്ഷം രൂപയുടെ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**മരുന്നുകളുടെ ഗുണനിലവാര പരിശോധന**

141 (830) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണമേന്മ പരിശോധന നടത്തുന്നതിന് അധികാരപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധന കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധന നടത്തുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കോളേജുകളിലെ ഏത് ഉദ്യോഗസ്ഥർക്കാണ് മരുന്ന പരിശോധന സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരം നൽകിയിട്ടുള്ളത്?

ഉത്തരം

(എ) സർക്കാർ തലത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയേയും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയേയുമാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സ്വന്തമായി ടെസ്റ്റിംഗ് സൗകര്യം ഇല്ലാത്ത നിർമ്മാതാക്കൾക്ക് വിതരണത്തിന് മുമ്പ് അവർ നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി നിയമ പ്രകാരം വകുപ്പ് ലൈസൻസ് അനുവദിച്ചിട്ടുള്ള 3 സ്വകാര്യ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly